# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2679 — 06/12/2018 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമലയിലെ പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീ.അടൂർ പ്രകാശ്
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ഹൈക്കോടതിയുടെ അനുമതിയില്ലാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിന് പണം നൽകരുത് എന്ന നിർദ്ദേശം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ശ്രീ ശശിധരൻ കെ.പി എന്ന വ്യക്തി ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 38016/18 റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് 28/11/2018-ൽ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ശബരിമലയിലെ പോലീസിന്റെ ഭക്ഷണ, താമസ സൗകര്യ ചെലവ് ദേവസ്വം ബോർഡ് സർക്കാരിന് നൽകിയിരുന്നോ; | (ബി) | ശബരിമലയിലെ പോലീസിന്റെ ഭക്ഷണ ചെലവ് സർക്കാരാണ് വഹിക്കുന്നത്. താമസ സൗകര്യം ദേവസ്വം ബോഡാണ് ഒരുക്കുന്നത്. |
| (സി) | ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടാണോ ശബരിമലയിൽ പോലീസിനെ വിന്യസിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | മണ്ഡല മകരവിളക്ക് മഹോത്സവത്തിന് തീർത്ഥാടകർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരമാണ് സന്നിധാനത്തും മറ്റ് പ്രദേശങ്ങളിലും തിരക്ക് നിയന്ത്രിക്കുന്നതിനും ക്രമസമാധാനപാലനത്തിനുമായാണ് പോലീസിനെ നിയോഗിച്ചിട്ടുള്ളത്. |
| (ഡി) | തീർത്ഥാടകരുടെ പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നത്; തീർത്ഥാടനം തുടങ്ങിയ ശേഷം ദേവസ്വം കമ്മീഷണർ അടക്കമുള്ള ബോർഡിന്റെ ഉത്തരവാദപ്പെട്ടവർ ശബരിമലയിൽ സന്ദർശനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, കമ്മീഷണർ അടക്കമുള്ള ബോർഡിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശബരിമലയിൽ സന്ദർശനം നടത്തി ഭക്തരുടെ പരാതികൾ യഥാസമയം പരിഹരിച്ച് തീർത്ഥാടനം സുഗമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ